പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): കഴിഞ്ഞ നാല് വർഷമായിട്ട് ഈ തുക കൊടുക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ല. ഒ.ഇ.സി., ഒ.ബി.സി. വിഭാഗത്തിൽ 2003-04-ൽ 28.96 കോടി രൂപ കൊടുത്തുകഴിഞ്ഞു. 2004-05-ൽ ഇതുവരെ 10 കോടി രൂപ കൊടുത്തുകഴിഞ്ഞു. ഇനിയും അടുത്തിടെയുള്ള ചില മാസങ്ങളുടേത് കൊടുക്കാനുണ്ട്. അത് എത്രയും പെട്ടെന്ന് കൊടുക്കാനുള്ള നടപടിയെടുക്കും. അതുപോലെ പ്ലസ് ടു വിഭാഗങ്ങളിൽപെട്ട കുട്ടികളുടെ പരീക്ഷാ ഫീസ് ഉൾപ്പടെയുള്ളത് പട്ടികജാതി വികസന വകുപ്പ് കുട്ടികൾക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്.

7. മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ല വിഭജിക്കണമെന്ന ആവശ്യം

ശ്രീ. കളത്തിൽ അബ്ദുള്ള: കേരളത്തിലെ ഏറ്റവും വലിയ താലൂക്കായ മണ്ണാർക്കാട് താലൂക്കിൽ 133 സ്ക്കൂളുകളും 67,119 വിദ്യാർത്ഥികളും 2106 അധ്യാപകരും ഉണ്ട്. ഈ വിദ്യാഭ്യാസ ജില്ല വിഭജിച്ച് രണ്ടാക്കണമെന്ന് ആവശ്യം ഒരു സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ഈ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന്റെ പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുൻപിൽ ഇതിക്കുകയാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്. വളരെ പിന്നോക്കം നിൽക്കുന്ന വിദ്യാഭ്യാസ ജില്ലയാണ്. അതുകൊണ്ട് വിദ്യാഭ്യാസ ജില്ലയെ വിഭജിക്കുകയാണെങ്കിൽ ഫസ്റ്റ് പ്രയോറിറ്റി അതിന് കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. ഇത് വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്.

8. സ്വാശ്രയ കോളേജുകളിൽ മെരിറ്റ് സീറ്റുകളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസ് നൽകി പഠിക്കുവാൻ അവസരം ഉണ്ടാക്കണമെന്ന ആവശ്യം

ശ്രീ. പി. എസ്. സുപാൽ: വളരെ പ്രാധാന്യമുള്ള ഒരു പ്രശ്നമാണിത്. ഞാൻ അടിയന്തിരപ്രമേയമായി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. 2003-04 അധ്യയന വർഷം മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച 1600 ഓളം വിദ്യാർത്ഥികൾ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. ഇന്ന് വിദ്യാർത്ഥികളെ കൂട്ടംകൂട്ടമായി വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്ന് മാനേജ്മെന്റുകൾ പുറത്താക്കി കൊണ്ടിരിക്കുകയാണ്. അമിത ഫീസ് ആവശ്യപ്പെട്ടുകൊണ്ടാണ് മാനേജ്മെന്റുകൾ വിദ്യാർത്ഥികളെ പുറത്താക്കിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ 2003-04 അധ്യയന വർഷം അഡ്മിഷൻ ലഭിക്കുന്ന അവസരത്തിൽ ശ്രീ. കെ. ടി. തോമസ് കമ്മീഷൻ നിലവിലുണ്ടായിരുന്നില്ല. അന്ന് മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജിലെ ഫീസ് മാത്രം കൊടുത്താൽ മതിയെന്ന ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ

LIBRARY ARCHIVES Kerala Legislative Assembly